കേരള സാഹിത്യ അക്കാദമി
തൃശൂർ

# പാരമ്പര്യസങ്കല്പങ്ങളെ പൊളിച്ചെഴുതി എഴുത്തുകാരികളുടെ സംഗമം

തൃശൂർ : പുരുഷകേന്ദ്രീകൃതമായ സാമൂഹ്യബന്ധങ്ങളെയും സ്ഥാപനങ്ങളെയും പൊളിച്ചെഴുതാനുള്ള ആത്മരോഷത്തിന്റെ കലാപമുയർത്തുന്നതായി, സാഹിത്യ അക്കാദമിയുടെ നേതൃത്വത്തിൽ നടന്ന 'എഴുത്ത് സ്ത്രീ സമൂഹം' എന്ന വിഷയത്തിലുള്ള സെമിനാർ. മതം, ലൈംഗികത, ആവിഷ്കാരം, കുടുംബബന്ധങ്ങൾ, നിരൂപണം, അധികാരമേൽക്കോയ്മ തുടങ്ങിയ വിഷയങ്ങൾ സമഗ്രമായിത്തന്നെ സെമിനാർ ചർച്ചക്കെടുത്തു. അവകാശങ്ങൾ ചോദിച്ചുവാങ്ങാനും പോരടിച്ച് നേടാനും കഴിഞ്ഞതിലൂടെ മാത്രമാണ് ഇന്നത്തെ തോതിലുള്ള സ്ത്രീസ്വാതന്ത്ര്യമെങ്കിലും ലഭ്യമായതെന്ന് സെമിനാർ അഭിപ്രായപ്പെട്ടു.

പാശ്ചാത്യരാജ്യത്തുനിന്ന് ഇറക്കുമതി ചെയ്തതല്ല ഇവിടെയുള്ള സ്ത്രീസ്വാതന്ത്ര്യമെന്ന് സെമിനാറിൽ മുഖ്യപ്രഭാഷണം നടത്തിയ സി.എസ്.ചന്ദ്രിക പറഞ്ഞു. സ്വന്തം ജീവിതസമരങ്ങളിൽനിന്നും നേടിയെടുത്തതാണത്. രണ്ടുമൂന്ന് തലമുറകളായി സ്ത്രീ എഴുത്തുകാർ പലയളവിൽ സ്ത്രീസ്വാതന്ത്ര്യശേഷിയെ മുന്നോട്ടുനയിച്ചു. കുടുംബം തകർക്കുക എന്നതല്ല സ്ത്രീ എഴുത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും അർത്ഥം. ബദൽ കുടുംബം സാധ്യമാണ് എന്നതാണ് എഴുത്തുകാരികൾ ഉയർത്തിപ്പിടിക്കുന്ന മുദ്രാവാക്യം. പുരുഷനെപ്പോലെ സ്ത്രീയെയും സ്ത്രീസ്വാതന്ത്ര്യത്തെയും അംഗീകരിക്കുന്ന ബദൽ കുടുംബസംവിധാനമാണ് വേണ്ടത്. അത്തരം കുടുംബത്തിൽ മാത്രമേ ജനാധിപത്യപരമായ അവകാശവും അംഗീകാരവും യഥാർത്ഥ സമാധാനവും സൗഹാർദ്ദവും എല്ലാവർക്കും ലഭ്യമാവൂ. മതം ഏറ്റവുമധികം ഭയപ്പെടുന്നത് സ്ത്രീസ്വാതന്ത്ര്യത്തെയാണ്. സ്ത്രീകളെ കൂടുതലായി മതവൽകരിക്കാനുള്ള ശ്രമങ്ങളാണ് നാടെങ്ങും നടക്കുന്നത്. സ്ത്രീയുടെ സ്വതന്ത്രമായ ആവിഷ്കാരത്തെയും മതം ഭയപ്പെടുന്നു. പുരോഗമനപ്രസ്ഥാനങ്ങൾപോലും ആൺകോയ്മയുടെ കേന്ദ്രങ്ങളായി ചുരുങ്ങിപ്പോവുന്നത് അപകടകരമാണ്. സ്ത്രീരചനകളെ നിഷ്പക്ഷമായി നിരൂപണം ചെയ്യാൻപോലും ആൺകോയ്മ സന്നദ്ധമാവുന്നില്ല. അതിനുള്ള ത്രാണി അവർക്കില്ലെന്നും ചന്ദ്രിക പറഞ്ഞു.

സമൂഹത്തിൽ മാത്രമല്ല, കുടുംബത്തിലും സ്ത്രീ സുരക്ഷിതയല്ലെന്ന യാഥാർത്ഥ്യം രാജ്യത്തിന്റെ അരക്ഷിതാവസ്ഥയിലേക്കാണ് വിരൽ ചൂണ്ടുന്നതെന്ന് സെമിനാറിൽ അധ്യക്ഷത വഹിച്ച ബി.എം.സുഹറ പറഞ്ഞു. എഴുത്തിലൂടെത്തന്നെ സ്ത്രീ കരുത്താർജ്ജിച്ചേ മതിയാവൂ. സ്വാതന്ത്ര്യത്തെ തടസ്സപ്പെടുത്തുന്നതൊന്നും അംഗീകരിക്കാൻ എഴുത്തുകാരികൾക്ക് കഴിയില്ല.

മൈന ഉമൈബാൻ, എം.ബി.മിനി, കെ.രേഖ, ബിലു പത്മിനി നാരായണൻ, സംഗീത ശ്രീനിവാസൻ, കവിത ബാലകൃഷ്ണൻ, വി.എൻ.അശോകൻ എന്നിവരും സംസാരിച്ചു.

തുടർന്ന് കെ.വി.ഗണേഷ് രചനയും സംവിധാനവും നിർവഹിച്ച ഒറ്റപ്പാലം സിഎൻഎൻ നാടകവേദിയുടെ 'വഴുതന' നാടകം അവതരിപ്പിച്ചു.

ഡോ.കെ.പി.മോഹനൻ
സെക്രട്ടറി

തൃശൂർ
04.04.2017